**ഇൻഫർമേഷൻ കേരള മിഷൻ**
**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**
**നന്തൻകോട് പി. ഒ തിരുവനന്തപുരം — 695 003**

**നം.3045/ഇ1/2019/ഐ.കെ.എം** 18.01.2021

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം, നന്തൻകോട് സമീപം സ്വരാജ് ഭവനിൽ പ്രവർത്തിച്ചു വരുന്ന ഇൻഫർമേഷൻ കേരള മിഷൻ ഓഫീസിന്റെ ആവശ്യത്തിന് 2021 ഫെബ്രുവരി മാസം മുതൽ ഒരു വർഷകാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഓട്ടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ:

1. 2017 ജനുവരിക്ക് ശേഷം രജിസ്റ്റർ ചെയ്ത പ്രീമിയം കാറുകൾ, എക്കോണമി കാറുകൾ എന്നിവയുടെ നിബന്ധന അനുസരിച്ചുള്ള റേറ്റ്, പേയ്മെൻറ് സംബന്ധിച്ച നിബന്ധന, നിലവിലുള്ള വാഹനങ്ങളുടെ എണ്ണം, വാടക അടിസ്ഥാനത്തിൽ വാഹനങ്ങൾ സർക്കാർ / അർദ്ധസർക്കാർ / സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് സംബന്ധിച്ച മുൻ പരിചയം എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.

2. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓട്ടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയ സമ്പന്നനായിരിക്കണം.

3. വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ ഡോക്യുമെന്റിന്റെയും ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഐ.കെ.എം ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ഒർജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡ്രൈവർക്ക് നിർബന്ധമായും ലൈസൻസും, സ്ഥിരമായ മേൽവിലാസവും, മൊബൈൽഫോണും ഉണ്ടായിരിക്കേണ്ടതും അത് ഇൻഫർമേഷൻ കേരള മിഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

4. ഇൻഫർമേഷൻ കേരള മിഷൻ ആവശ്യപ്പെടുമ്പോഴെല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.

5. ഏതെങ്കിലും കാരണവശാൽ സ്ഥിരവാഹനത്തിന് ഓടാൻ തടസ്സമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.

6. വാഹനങ്ങൾ പുറപ്പെടുന്നതും യാത്ര അവസാനിപ്പിക്കുന്നതും ഐ.കെ.എം-ൽ നിന്നും ഐ.കെ.എം വരെയാണ്.

7. വാഹനം ഐ.കെ.എം.ൽ പ്രവേശിച്ച കഴിഞ്ഞാൽ മീറ്റർ റീഡിങ്ങും സമയവും ഡ്രൈവറുടെ പേരും മൊബൈൽ നമ്പറും ഗേറ്റിലെ രജിസ്റ്ററിൽ പതിക്കേണ്ടതാണ്.

8. യാത്ര അവസാനിച്ച് ഗ്യാരേജിലേക്ക് പോകുമ്പോൾ മീറ്റർ റീഡിങ്ങും സമയവും ഐ.കെ.എമ്മിലെ ഡ്യൂട്ടിയിലുള്ള ഓഫീസർ രജിസ്റ്ററിൽ പതിക്കേണ്ടതാണ്.

9. തെരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസികൾ / വാഹന ഉടമകൾ ഐ.കെ.എമ്മുമായി ഒരു വർഷത്തേക്ക് 200 രൂപ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

10. വാഹനം നൽകുന്നതിൽ രണ്ട് തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽപെട്ടാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ ഐ.കെ.എം. കരാർ റദ്ദാക്കുന്നതാണ്.

11. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിനങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം ഇൻഫർമേഷൻ കേരളാ മിഷൻ വാടകയ്ക്ക് എടുത്താൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

12. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ നൽകുന്നതാണ്.

13. വാഹനങ്ങളുടെ വാടകയിൽ നിന്നും നിയമാനുസൃത കിഴിവുകൾ ഈടാക്കുന്നതാണ്.

14. ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും നൽകുന്ന ലോഗ് ബുക്ക് ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും പൂരിപ്പിക്കേണ്ടതും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.

15. ഓരോ ദിവസത്തെയും ലോഗ് ഷീറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഓഫീസറേയോ കാണിച്ച് മേലൊപ്പ് വാങ്ങേണ്ടതാണ്.

16. പ്രതിമാസം കുറഞ്ഞദൂരമായ 850 കി.മീറ്ററിനുള്ള രൂപയും അതിനുശേഷമുള്ള ഓരോ അധിക കി.മീറ്ററിനുള്ള രൂപയും, 10 മണിക്കൂറിന് ശേഷമുള്ള ഓരോ അധിക മണിക്കൂറിനുള്ള രൂപയും, ജില്ലക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റയുമാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

17. ഈ കരാർ തുടരാനും റദ്ദാക്കാനുള്ള അധികാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

18. കരാറുകാരന് ഐ.കെ.എം-ലേയ്ക്ക് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസത്തെ നോട്ടീസിൽ കരാർ അവസാനിപ്പിക്കാവുന്നതാണ്.

19. കരാർ ഉറപ്പിക്കുന്ന വ്യക്തി 5000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവക്കേണ്ടതാണ്. ആയതു കരാർ കാലാവധിയ്ക്കു ശേഷം തിരികെ നൽകുന്നതാണ്. കരാർ വ്യവസ്ഥയിൽ എന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ പ്രസ്തുത സംഖ്യ കണ്ടുകെട്ടുന്നതാണ്.

20. ക്വട്ടേഷനോടൊപ്പം, ഇൻഫർമേഷൻ കേരളാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 500 രൂപയുടെ ഡി.ഡി നിരതദ്രവ്യമായി നൽകേണ്ടതാണ്. ക്വട്ടേഷനുകളിൽ തീരുമാനമെടുത്തതിനു ശേഷം പ്രസ്തുത സംഖ്യ തിരികെ നൽകുന്നതുമാണ്. കരാർ ഉറപ്പിച്ചതിന് ശേഷം കരാറുകാരൻ പിന്മാറുകയാണെങ്കിൽ ഈ സംഖ്യ തിരിച്ചു നൽകുന്നതല്ല. പ്രസ്തുത ക്വട്ടേഷനോടൊപ്പം ഫോട്ടോ പതിച്ച ഐ.ഡി കാർഡിൻറെ പകർപ്പും നിരതദ്രവ്യം കൂടി ചെർത്തിരിക്കണം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആദ്യ രണ്ടു പേരുടെ നിരതദ്രവ്യം കരാർ നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രം തിരികെ നൽകുന്നതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ഒറിജിനൽ ഐ.ഡി.കാർഡ് ഹാജരാക്കി ആധികാരികത ഉറപ്പ് വരുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്.

21. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ, നന്തൻകോട് പി. ഒ തിരുവനന്തപുരം – 695 003 എന്ന വിലാസത്തിൽ 28/01/2021 ന് 3.00 മണിക്കു മുൻപായി കിട്ടത്തക്ക

വിധത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. കവറിൻറെ മുകളിൽ കോൺട്രാക്ട് കാർ വാടകയ്ക്കുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

22. ക്വട്ടേഷൻ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

23. ഐ.കെ.എം ലെ ജീവനക്കാരിൽ ആരെങ്കിലുമായി ബന്ധമുണ്ടെങ്കിൽ ആ വിവരം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

24. ഐ. കെ. എം ഓഫീസ് ആവശ്യത്തിന് വാഹനം ഓടുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടുകഴിഞ്ഞാൽ പ്രസ്തുത കാലയളവിൽ വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻഫർമേഷൻ കേരള മിഷൻ**